പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 572 — 28.03.2018 -ൽ മറുപടിക്ക്.

## സംസ്ഥാനത്തെ പാചക വാതക വിതരണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എസ്.രാജേന്ദ്രൻ**<br>**ശ്രീ.എം. രാജഗോപാലൻ**<br>**ശ്രീ.എ. എൻ. ഷംസീർ**<br>**ശ്രീ.യു. ആർ. പ്രദീപ്** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് പാചക വാതക വിതരണ രംഗത്തെ ക്രമക്കേടുകളും അപാകതകളും പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; | (എ) പാചക വാതക വിതരണ രംഗത്തെ പരാതികൾ പരിഹരിക്കുന്നതിനായി എല്ലാ ജില്ലകളിലും പഞ്ചായത്ത് തലത്തിൽ പാചക വാതക മോണിറ്ററിംഗ് സമിതികൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ മൂന്ന് മാസത്തിലൊരിക്കൽ പാചക വാതക അദാലത്ത് സംഘടിപ്പിച്ച് പരാതികൾ പരിഹരിച്ച് വരുന്നു. ഗാർഹിക ആവശ്യത്തിനായി ലഭിക്കുന്ന ഗ്യാസ് സിലിണ്ടറുകൾ വാണിജ്യ ആവശ്യത്തിന് ഉപയോഗിക്കുന്നുണ്ടോയെന്ന് പരിശോധിക്കാറുണ്ട്. ഇതിനായി പ്രത്യേകം സ്ക്വാഡുകളും രൂപീകരിച്ചിട്ടുണ്ട്. ഉപഭോക്താക്കളുടെ പരാതികൾ ജില്ലാ കളക്ടറുടെ ആദ്ധ്യക്ഷതയിൽ ഓപ്പൺ ഫോറം സംഘടിപ്പിച്ച് യഥാസമയം പരിഹരിച്ച് വരുന്നു. കൂടാതെ പാചക വാതക വിതരണ മേഖലയിൽ നിലവിലുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ഈ രംഗത്തെ ക്രമക്കേടുകളും അപാകതകളും പരിഹരിക്കുന്നതിന് പര്യാപ്തമാണ് എന്ന് എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്ററും അറിയിച്ചിട്ടുണ്ട്. |
| (ബി) ഈ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കുവാനും അവയ്ക്ക് പരിഹാരം നിർദ്ദേശിക്കുന്നതിനുമായി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോയെന്നറിയിക്കാമോ ;<br>(സി) എങ്കിൽ പ്രസ്തുത കമ്മിറ്റി പഠന റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ വ്യക്തമാക്കാമോ ; | (ബി) & (സി) പാചക വാതക വിതരണ മേഖലയിൽ നിലവിലുള്ള പ്രശ്നങ്ങൾ പഠിക്കുവാനും ആയതിന് പരിഹാരങ്ങൾ നിർദ്ദേശിക്കുന്നതിനുമായി സംസ്ഥാന ലേബർ കമ്മീഷണർ കൺവീനറായി ഒരു കമ്മിറ്റി രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ മേഖലയിൽ തൊഴിലാളികളുടെ വേതനവും ബോണസും സംബന്ധിച്ച് ഉണ്ടാകുന്ന പ്രശ്നങ്ങളും ആയത് പരിഹരിക്കുന്നതിനുള്ള കാലതാമസവും. അപകടങ്ങൾ ഉണ്ടാകുമ്പോൾ രക്ഷാപ്രവർത്തനങ്ങളിലുണ്ടാകുന്ന കാലതാമസവും, തൊഴിലാളികളുടെ വേതനം സംബന്ധിച്ച ടെണ്ടർ നടപടികളിലുണ്ടാകുന്ന കാലതാമസവും ഒഴിവാക്കുന്നതിനും അതുവഴി ഉപഭോക്താക്കൾക്ക് സമയാസമയങ്ങളിൽ സിലിണ്ടറുകൾ ലഭ്യമാക്കുന്നതും സംബന്ധിച്ച ശുപാർശകളാണ് പ്രധാനമായും കമ്മിറ്റി നിർദ്ദേശിച്ചിരിക്കുന്നത്. നിർദ്ദേശങ്ങളിന്മേലുള്ള ബന്ധപ്പെട്ടവരുടെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്. |

| | |
|---|---|
| (ഡി) പാചകവാതക സിലിണ്ടറുകൾ പൊട്ടിത്തെറിച്ചും ലീക്ക് ചെയ്തും ഉണ്ടാകുന്ന അപകടങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ സിലിണ്ടറുകളുടെ പഴക്കം, വിതരണം, സർവ്വീസ് കേന്ദ്രങ്ങളുടെ അശ്രദ്ധ എന്നിവ പരിഹരിക്കുന്നതിനും ഉപഭോക്താക്കൾക്ക് ഇത് സംബന്ധിച്ച് ആവശ്യമായ ബോധവൽക്കരണം നടത്തുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (ഡി) പാചക വാതക സിലിണ്ടറുകൾ ബോട്ടിലിംഗ് പ്ലാന്റുകളിൽ വച്ച് പരിശോധനയ്ക്ക് വിധേയമാക്കുകയും നിലവിലെ മാനദണ്ഡങ്ങൾ പ്രകാരം ഉപയോഗയോഗ്യമായ സിലിണ്ടറുകളിൽ മാത്രമേ ഗ്യാസ് നിറയ്ക്കാറുള്ളൂ എന്നും വിതരണത്തിന് മുൻപ് എല്ലാ സിലിണ്ടറുകളും സുരക്ഷാ പരിശോധനയ്ക്ക് വിധേയമാക്കണമെന്ന് എല്ലാ വിതരണക്കാർക്കും നിർദ്ദേശം നല്കിയിട്ടുണ്ട് എന്നും ഉപഭോക്താക്കളെ ഇക്കാര്യത്തിൽ ബോധവത്ക്കരിക്കുന്നതിന് റെഗുലർ സേഫ്റ്റി ക്ലിനിക്കുകളും പ്രവർത്തിച്ചു വരുന്നുണ്ട് എന്നും പരാതികൾ ഉണ്ടെങ്കിൽ ഉപഭോക്താക്കൾക്ക് എണ്ണക്കമ്പനികളുടെ വെബ്സൈറ്റ് മുഖേനയോ, "18002333555" എന്ന ടോൾ ഫ്രീ നമ്പർ മുഖേനയോ അറിയിക്കാവുന്നതാണ് എന്നും എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. കൂടാതെ പാചക വാതക ഏജൻസികളിൽ നടത്തുന്ന മിന്നൽ പരിശോധനയിൽ സിലിണ്ടറുകളുടെ കാലപ്പഴക്കവും പരിശോധിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ